# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 മേയ് 17, ബുധൻ

**നമ്പർ 72**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധനവിനെതിരെ കെ.എസ്.യു. പ്രവർത്തകർ നടത്തിയ പ്രതിഷേധ പ്രകടനത്തിന് നേരെയുണ്ടായ പൊലീസ് നടപടിയെത്തുടർന്ന് വിദ്യാർത്ഥികൾക്ക് പരിക്കേറ്റതായും ചികിത്സ നിഷേധിച്ചതായും പറയപ്പെടുന്നസാഹചര്യം മൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഹൈബി ഈഡനും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

(1) തലശ്ശേരിയിലെ തലായി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ എ. എൻ. ഷംസീർ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) മലപ്പുറം ജില്ലയിലെ എസ്.എസ്.എൽ.സി. പരീക്ഷാ വിജയികളായ വിദ്യാർത്ഥികളുടെ ഉപരിപഠനത്തിന് മതിയായ സീറ്റുകൾ ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എ. പി. അനിൽ കുമാർ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP.1093/2017(i).

ചട്ടം 304 പ്രകാരം സഭയിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങൾ:

ചട്ടം 304 പ്രകാരം അംഗങ്ങൾ സഭയിൽ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. എം. മാണി<br>ശ്രീ കെ. സി. ജോസഫ് | റബർ ബോർഡിന്റെ കേരളത്തിലെ ഓഫീസുകൾ നിർത്തലാക്കുന്നത് | കൃഷി വകുപ്പുമന്ത്രി |
| 2 | ശ്രീ.രമേശ് ചെന്നിത്തല | ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ ശബ്ദതാരാവലിയുടെ 100-ാം ആഘോഷം | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. എൻ. ഷംസുദ്ദീൻ | പ്ലാച്ചിമട കൊക്കക്കോള ദുരിത ബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ | മുഖ്യമന്ത്രിക്ക് വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. ഒ. രാജഗോപാൽ | തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിന്റെ വികസനം | മുഖ്യമന്ത്രിക്ക് വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. വി. ആർ. സുനിൽ കുമാർ | കൊടുങ്ങല്ലൂർ വലിയ പണിക്കൻ തുരുത്തിനെ CRZ പരിധിയിൽ നിന്ന് ഒഴിവാക്കുന്നത് | മുഖ്യമന്ത്രിക്കു വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ | ചെങ്ങന്നൂരിൽ സാംസ്കാരിക സമുച്ചയ നിർമ്മാണം | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 7 | ശ്രീ. ആന്റണി ജോൺ | കുട്ടമ്പുഴ, നേര്യമംഗലം, കിരംപാറ വില്ലേജുകളിലെ പട്ടയവിതരണം | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. സി. ജോർജ് | ഈരാറ്റുപേട്ടയിൽ ഡെങ്കിപ്പനി വ്യാപകമാകുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. എം. വിൻസെന്റ് | കോവളം ടൂറിസം ഡെവലപ്മെന്റ് അതോറിറ്റി രൂപീകരണം | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 10 | ശ്രീ. സി. കെ. ശശീന്ദ്രൻ | വയനാട് ജില്ലയിലെ അരിവാൾ രോഗികളായ വിദ്യാർത്ഥികൾക്കും ആദിവാസി വിദ്യാർത്ഥികൾക്കും പ്ലസ് വൺ പ്രവേശനത്തിന് സ്പോട്ട് അഡ്മിഷൻ ലഭ്യമാക്കുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 11 | ശ്രീമതി വീണാ ജോർജ്ജ് | എം. ജി. സർവ്വകലാശാലയുടെ കീഴിലുള്ള ഇലന്തൂർ ബി.എഡ്. കോളേജിലെ അഡ്മിഷൻ | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

1093/2017(i).

<u>റിപ്പോർട്ട് സമർപ്പണം:</u>

2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട്കമ്മിറ്റി II -ന്റെ റിപ്പോർട്ട് സമർപ്പിച്ചു.

<u>നിയമ നിർമ്മാണ കാര്യം:</u>

<u>ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം</u> :

തുറമുഖവും പുരാവസ്തു സംരക്ഷണവും മ്യൂസിയവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം സഭ അംഗീകരിച്ചു.

<u>സ്പീക്കറുടെ റൂളിംഗ്:</u>

ഭരണഘടനയുടെ 200- ാം അനുച്ഛേദപ്രകാരം സ്വമേധയായോ അനുച്ഛേദം 201 പ്രകാരം രാഷ്ട്രപതിയുടെ നിർദ്ദേശപ്രകാരമോ ഗവർണ്ണർ ഒരു ബിൽ റീകൺസിഡർ ചെയ്യണമെന്ന സന്ദേശത്തോടെ മടക്കി അയയ്ക്കുന്ന സംഗതിയിൽ കേരള നിമയസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 100 മുതൽ 106 വരെയുള്ള ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന നടപടിക്രമം പാലിക്കണമെന്നും ബിൽ പിൻവലിക്കുന്ന സംഗതിയിൽ ചട്ടം 94, 95 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്നും സ്പീക്കർ റൂളിംഗ് നൽകി.

<u>ധനകാര്യം:</u>

<u>2017-2018 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥന, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു റ്റി. തോമസ് അവതരിപ്പിച്ചു. മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ അവതരിപ്പിച്ചു.

XX, XXXIII, XXXVIII എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും പുരാവസ്തു സംരക്ഷണവും മ്യൂസിയവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി സഭയുടെ മേശപ്പുറത്തുവച്ചു.

XX-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 8, 9, 16, 17, 18, 20, 23, 25 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXIII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 5, 6, 8, 10, 11, 13, 14, 16, 18, 19, 20, 21, 24, 25, 26, 27 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 4, 5, 6, 7, 8, 9, 10, 14, 15, 16, 17, 18, 24, 25 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. സി. കൃഷ്ണൻ

ശ്രീ. ഹൈബി ഈഡൻ

ശ്രീമതി സി. കെ. ആശ

ശ്രീ. സി. മമ്മൂട്ടി

ശ്രീ. കെ. കൃഷ്ണൻകുട്ടി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. സി. എഫ്. തോമസ്

ശ്രീ. കെ. ജെ. മാക്സി

ശ്രീ. പി. സി. ജോർജ്

ശ്രീ. എം. നൗഷാദ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. എം. സ്വരാജ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു റ്റി. തോമസും മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനുശേഷം ധനാഭ്യർത്ഥനകൾ വോട്ടിനിടുകയും സഭ പാസ്സാക്കുകയും ചെയ്തു.

2017 മേയ് 18-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 3.59-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Fifth Session**

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, May* 17, 2017.

**No. 72**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Five questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri Hibi Eden and two other Members regarding the serious situation that had arisen consequent on the reported injuring of KSU activists, who protested against hike in fees of self financing medical colleges, in police action and the denial of treatment to them.

In protest against the attitude of the Government in this matter, Members belonging to the opposition staged a walkout.

*Calling Attention:*

(1) Shri A. N. Shamseer called the attention of the Minister for Fisheries, Harbour Engineering and Cashew Industry to the necessity to complete the construction of the Thalai fishing harbour in Thalassery in a time-bound manner. The Minister made a statement thereto.

(2) Shri A. P. Anil Kumar called the attention of the Minister for Education to the necessity to ensure sufficient seats for higher education of students,who passed S.S.L.C. Examination in Malappuram District. The Minister made a statement thereto.

KNPP. 1093/2017(ii)

*Matters raised in the House under Rule 304:*

The matters raised by Members in the House under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. എം. മാണി<br>ശ്രീ കെ. സി. ജോസഫ് | റബർ ബോർഡിന്റെ കേരളത്തിലെ ഓഫീസുകൾ നിർത്തലാക്കുന്നത് | കൃഷി വകുപ്പുമന്ത്രി |
| 2 | ശ്രീ.രമേശ് ചെന്നിത്തല | ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ ശബ്ദതാരാവലിയുടെ 100-ാം ആഘോഷം | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. എൻ. ഷംസുദ്ദീൻ | പ്ലാച്ചിമട കൊക്കക്കോള ദുരിത ബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ | മുഖ്യമന്ത്രിക്ക് വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. ഒ. രാജഗോപാൽ | തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിന്റെ വികസനം | മുഖ്യമന്ത്രിക്ക് വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. വി. ആർ. സുനിൽ കുമാർ | കൊടുങ്ങല്ലൂർ വലിയ പണിക്കൻ തുരുത്തിനെ CRZ പരിധിയിൽ നിന്ന് ഒഴിവാക്കുന്നത് | മുഖ്യമന്ത്രിക്കു വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ | ചെങ്ങന്നൂരിൽ സാംസ്കാരിക സമുച്ചയ നിർമ്മാണം | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 7 | ശ്രീ. ആന്റണി ജോൺ | കുട്ടമ്പുഴ, നേര്യമംഗലം, കീരംപാറ വില്ലേജുകളിലെ പട്ടയവിതരണം | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. സി. ജോർജ് | ഈരാറ്റുപേട്ടയിൽ ഡെങ്കിപ്പനി വ്യാപകമാകുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. എം. വിൻസെന്റ് | കോവളം ടൂറിസം ഡെവലപ്മെന്റ് അതോറിറ്റി രൂപീകരണം | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 10 | ശ്രീ. സി. കെ. ശശീന്ദ്രൻ | വയനാട് ജില്ലയിലെ അരിവാൾ രോഗികളായ വിദ്യാർത്ഥികൾക്കും ആദിവാസി വിദ്യാർത്ഥികൾക്കും പ്ലസ് വൺ പ്രവേശനത്തിന് സ്പോട്ട് അഡ്മിഷൻ ലഭ്യമാക്കുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 11 | ശ്രീമതി വീണാ ജോർജ്ജ് | എം. ജി. സർവ്വകലാശാലയുടെ കീഴിലുള്ള ഇലന്തൂർ ബി.എഡ്. കോളേജിലെ അഡ്മിഷൻ | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Presentation of Report:*

The Report of the Subject Committee II on the Madras Hindu Religious and Charitable Endowments(Amendment) Bill, 2017 was presented.

*Legislative Business :*

*Motion for the Withdrawal of Bill:*

The motion for leave to withdraw the Kerala Maritime Board Bill, 2014 moved by Shri Ramachandran Kadannappalli, Minister for Ports, Museums and Archaeology was adopted by the House.

*Ruling by the Speaker:*

The Speaker ruled that when the Governor Suo moto under Article 200 of the constitution or the President under Article 201 returns a bill with the message for reconsideration the procedure mentioned in Rule 100 to 106 of the Rules of Procedure and Conduct of Business of the Kerala Legislative Assembly should be followed and that in the case of withdrawal of a bill the provision Under Rule 94 and 95 should be adhered to.

*Financial Business:*

<u>Discussion and voting on Demands for Grants in the Budget for the financial Year 2017-2018</u>

Shri Mathew T. Thomas, Minister for Water Resources moved Demand No. XX—Water Supply and Sanitation and Demand No. XXXVIII—Irrigation for the amounts shown respectively against them under column 7 in the list of Demands for Grants. Smt. J. Mercykutty Amma Minister for Fisheries, Harbour Engineering and Cashew Industry moved Demand No. XXXIII—Fisheries for the amount shown against it under column 7 in the list of Demands for Grants.

Shri Ramachandran Kadannappalli Minister for Ports, Museums and Archaeology as authorised by the Minister for Finance and Coir laid on the Table the statement under rule 236 (3) relating to Demand Nos. XX, XXXIII and XXXVIII.

Cut motion Nos. 1, 2, 8, 9, 16, 17, 18, 20, 23, 25, in the list of cut motions under Demand No. XX and cut motions Nos. 5, 6, 8, 10, 11, 1 3, 14, 16, 18, 19, 20, 21, 24, 25, 26, 27 in the list of cut motions under Demand No. XXXIII and cut motions Nos. 2, 4, 5, 6, 7, 8, 9, 10, 14, 15, 16, 17, 18, 24, 25 in the list of cut motions under Demand No. XXXVIII were moved.

The following Members took part in the discussion:

Shri C. Krishnan

Shri Hibi Eden

Smt. C. K. Asha

Shri C. Mammutty

Shri K. Krishnankutty

Shri K. V. Vijayadas

Shri C. F. Thomas

Shri K. J. Maxy

Shri P. C. George

Shri M. Noushad

Shri M. Vincent

Shri I. B. Satheesh

Shri N. A. Nellikkunnu

Shri G. S. Jayalal

Shri T. V. Ibrahim

Shri M. Swaraj

Shri Thiruvanchoor Radhakrishnan.

Shri Mathew T. Thomas, Minister for Water Resources and Smt. J. Mercykutty Amma Minister for Fisheries, Harbour Engineering and Cashew Industry replied to the points raised during the discussion. The cut motions moved were withdrawn by the leave of the House. Then the Demands were put to vote and passed.

The House adjourned at 3.59 p.m. to meet again at 8.30 a.m. on Thursday, May 18, 2017.

V. K. BABU PRAKASH,

*Secretary.*